Step

**Std. 10**

Focus Area Based

# SSLC Top Test Series

## Malayalam Paper I

(Chapters 1, 2, 3)

**Test -01**

**Time : 45 Mnts**
**Score : 20**

**നിർദ്ദേശങ്ങൾ**

- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- ഏഴ് മിനിട്ട് സമാശ്വാസ സമയമായി കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

## Type-A

1. നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെ എത്രയും ചഞ്ചലമായിട്ടുള്ളത് എന്ത്?
   - കളത്രസുഖം
   - രാജ്യദേഹാദികൾ
   - ആലയസംഗമം
   - യൗവനം [1]

2. "അല്ലെങ്കിൽ പരസ്ത്രീപ്രസംഗം ശരിയല്ല"
   അടിവരയിട്ട പദത്തിന്റെ വിഗ്രഹരൂപം എഴുതുക.
   - പരസ്ത്രീയുടെ പ്രസംഗം
   - പരസ്ത്രീയെ കുറിച്ചുള്ള പ്രസംഗം
   - പ്രസംഗിക്കുന്ന പരസ്ത്രീ
   - പരസ്ത്രീയും പ്രസംഗവും [1]

**3 മുതൽ 5 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×2=4]

3. 'സ്നേഹിതാ' - മെത്രാൻ പറയാൻ തുടങ്ങി "നിങ്ങൾ പോകുന്നതിന് മുമ്പ്, ഇതാ നിങ്ങളുടെ മെഴുകുതിരിക്കാലുകൾ എടുക്കാം".
   മെത്രാന്റെ ഈ വാക്കുകൾ ഴാങ് വാൽ ഴാങ്ങിൽ ഉണ്ടാക്കിയ ചിന്തകൾ എന്തൊക്കെയാവാം? രണ്ടെണ്ണം എഴുതുക.

4. "ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം
   വെന്തു വെണ്ണീറായ് ചമഞ്ഞുപോയീടിലാം"
   വരികളിലെ കാവ്യപരമായ രണ്ട് സവിശേഷതകൾ കണ്ടെത്തി കുറിക്കുക.

5. ഒന്നാം താപസി ചായം തേച്ച മയിലിനെ എടുക്കാൻ പോയി.
   സിംഹക്കുട്ടിയുമായുള്ള കലശലിൽ കൈയിൽ കെട്ടിയിരുന്ന രക്ഷ താഴെ വീണുപോയി.
   അടിവരയിട്ട പദങ്ങൾ സൂചിപ്പിക്കുന്ന അർഥവ്യത്യാസം കണ്ടെത്തി എഴുതുക.

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×4=8]

6. 'സമൂഹത്തിന്റെ കണ്ണിൽ ഴാങ് വാൽ ഴാങ്ങിന്റെ പ്രവൃത്തി കുറ്റകരമാണെങ്കിലും മെത്രാൻ അത് കുറ്റമായി കാണുന്നില്ല. പാപികളോട് പൊറുക്കുക എന്നത് മാനവികതയുടെ പരകോടിയാണ്'.
   ചെറിയ കുറ്റങ്ങളുടെ പേരിൽ ആൾക്കൂട്ടക്കൊലപാതകൾ പെരുകുന്ന ഇന്നത്തെ സമൂഹത്തിൽ മെത്രാൻ നമുക്ക് നൽകുന്ന സന്ദേശമെന്ത്? സ്വന്തം നിരീക്ഷണം വ്യക്തമാക്കുക.

7. 'എത്രയും ചഞ്ചലമാലയസംഗമം'
   ചഞ്ചലമായ ആലയസംഗമത്തെ (കുടുംബജീവിതത്തെ)
   എഴുത്തച്ഛൻ എന്തിനോടെല്ലാമാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്? വിശദമാക്കുക.

*(P.T.O.)*

8. രാജാവ്: "എന്നാൽ വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ".
ശകുന്തള : "എനിക്കതിനെ വിശ്വാസമില്ല. ഇത് ആര്യപുത്രൻ തന്നെ ധരിച്ചാൽ മതി".
ശകുന്തള ഇങ്ങനെ മറുപടി പറഞ്ഞതിന് കാരണമെന്ത്? നാടകഭാഗം വിശകലനം ചെയ്ത് കുറിപ്പെഴുതുക.

**9, 10 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.** [1×6=6]

9. "ആധുനിക ലോകത്ത് കൈമാറ്റം ചെയ്യപ്പെടേണ്ട നല്ല ഗുണമാണ് സഹജീവികളോടുള്ള കാരുണ്യമെന്ന് മെത്രാൻ വിശ്വസിച്ചിരുന്നു. ദരിദ്രർക്കും അവശർക്കും കുറ്റവാളികൾക്കും വേണ്ടിയുള്ള സ്വയം സമർപ്പണമായിരുന്നു ആ ജീവിതം'.
പ്രസ്താവനയെ മുൻനിർത്തി 'പാവങ്ങൾ'-ആധുനിക ലോകത്തിന് നൽകുന്ന സന്ദേശം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

10. • തത്രകാമക്രോധലോഭമോഹാദികൾ
• ശത്രുക്കളാകുന്നതെന്നുമറിക നീ
• ക്രോധം പരിത്യജിക്കേണം ബുധജനം

എഴുത്തച്ഛന്റെ ഈ ഉപദേശങ്ങളുടെ കാലിക പ്രസക്തി കണ്ടെത്തി മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക.

## Type-B

1. "ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള മുള്ളും കയിലും കൂടി ആവശ്യമില്ല"
ഈ വാക്യം നൽകുന്ന ജീവിതസന്ദേശമെന്ത്?

• പണത്തോടുള്ള ആർത്തി • ദാരിദ്ര്യം • ജീവിതലാളിത്യം • ആർഭാടം [1]

2. രാജാവ് :"എന്നാൽ വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ". ഇവിടെ വള്ളി എന്നു പറഞ്ഞിരിക്കുന്നത് എന്തിനെ?

- മുല്ലവള്ളിയെ
- പുഷ്പഹാരത്തെ
- കാട്ടുവള്ളിയെ
- മോതിരത്തെ [1]

**3 മുതൽ 5 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×2=4]

3. കാലാഹിന പരിഗ്രസ്തമാം ലോകവും
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു.
വരികളിലെ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തി എഴുതുക.

4. ഉപ്പുകൊണ്ടുള്ള ഒരു പ്രതിമപോലെ അയാൾ (ഴാങ് വാൽ ഴാങ്)
നിന്നേടത്തുതന്നെ മിഴിച്ചുകൊണ്ടു നിന്നു.
'ഉപ്പു കൊണ്ടുള്ള പ്രതിമപോലെ' എന്ന പ്രയോഗം ഴാങ് വാൽ ഴാങിന്റെ എപ്രകാരമുള്ള മാനസികാവസ്ഥകളെ സൂചിപ്പിക്കുന്നു?

5. 'എന്റെ മനോവിചാരം പൂർണമായി സിദ്ധിച്ചു. ഇനി എന്തിന് അഭിനന്ദിക്കാതിരിക്കുന്നു?"
ദുഷ്ഷന്തരാജാവിന്റെ മനോവിചാരങ്ങൾ എന്തെല്ലാമായിരുന്നു?

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×4=8]

6. "പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം"

എഴുത്തച്ഛന്റെ തത്ത്വചിന്താപരമായ ജീവിതദർശനം ഈ വരികളിൽ എത്രത്തോളം പ്രകടമാണ്? വിശകലനം ചെയ്ത് സമർഥിക്കുക.

7. ഴാങ് വാൽ ഴാങ് എന്ന കുറ്റവാളിയെ മനുഷ്യസ്നേഹത്തിന്റെ ഔന്നത്യത്തിലേക്ക് ഉയരാൻ സഹായിച്ചത് എങ്ങനെ? അതിൽ മെത്രാന്റെ പങ്കെന്ത്? പാഠസന്ദർഭങ്ങളെ അടിസ്ഥാനമാക്കി സമർത്ഥിക്കുക.

8. 'കല്യാണം കൈവരുമ്പോൾ കലുഷമതികളി
മ്മട്ടിലും ചേഷ്ടകാട്ടും
മാല്യം മൂർദ്ധാവിലിട്ടാൽ തല കുടയുമുടൽ
പാമ്പിതെന്നോതിയന്ധൻ'

വരികളിലെ ആശയഭംഗിയും ചമൽക്കാരഭംഗിയും കണ്ടെത്തി കുറിപ്പെഴുതുക.

**9, 10 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.** [1×6=6]

9. "തത്ര കാമക്രോധലോഭമോഹാദികൾ
ശത്രുക്കളാകുന്നതെന്നുമറിക നീ"

വർത്തമാനകാല സംഭവങ്ങളെ അടിസ്ഥാനമാക്കി പാഠഭാഗത്തെ വിശകലനം ചെയ്ത് 'പുതിയലോകത്ത് "ലക്ഷ്മണ സാന്ത്വന"ത്തിന്റെ പ്രസക്തി' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

10. ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കുള്ള ഒരു പ്രയാണമാണ് ഴാങ് വാൽ ഴാങിന്റെ ജീവിതയാത്ര. നിയമത്തിന്റെയും ശിക്ഷയുടെയും കാഠിന്യം മനുഷ്യനെ നന്നാക്കുന്നതിനു പകരം പിശാചാക്കിത്തീർക്കുകയാണ് ചെയ്യുന്നത്. പിശാചിനെ മനുഷ്യനാക്കാൻ ശ്രമിക്കുന്ന പ്രകാശഗോപുരമാണ് മെത്രാൻ. 'പാവങ്ങൾ' എന്ന പാഠഭാഗത്തെ മെത്രാന്റെ സ്വഭാവസവിശേഷതകൾ വിലയിരുത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക.

## Type-C

1. 'കാലാഹി'എന്ന പദത്തിന്റെ വിഗ്രഹരൂപം എഴുതുക.
- കാലത്തിന്റെ അഹി
- കാലമാകുന്ന അഹി
- കാലവും അഹിയും
- കാലം പോലെയുള്ള അഹി [1]

2. 'പെരിയോർക്കുള്ളൊരു വീരബാലനെ'
സർവദമനനെക്കുറിച്ച് ഇങ്ങനെ പറയാൻ കാരണമെന്ത്?
- രൂപവും നിറവും കണ്ടിട്ട്
- അവന്റെ നടപ്പും ഭാവവും കണ്ടിട്ട്
- ചിരിയും കൊഞ്ചലും കണ്ടിട്ട്
- സാമർഥ്യവും തേജസ്സും കണ്ടിട്ട് [1]

**3 മുതൽ 5 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×2=4]

3. 'സ്നേഹിതാ' - മെത്രാൻ പറയാൻ തുടങ്ങി
മെത്രാന്റെ 'സ്നേഹിതാ' എന്ന വിളി കേട്ടപ്പോൾ ഴാങ് വാൽ ഴാങിന്റെ മനസ്സിലുണ്ടായ ചിന്തകൾ എന്തൊക്കെയാവാം? രണ്ടെണ്ണം കുറിക്കുക.

4. 'സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതുവിദ്യയും
- വരികളിലെ കാവ്യപരമായ രണ്ട് സവിശേഷതകൾ കണ്ടെത്തി എഴുതുക.

5. 'ഋതുയോഗം' എന്ന പാഠത്തിൽ 'സർവദമനൻ' എന്ന കുട്ടി തന്റെ മകൻ തന്നെയാണോ എന്ന് രാജാവിന് സംശയം ഉണ്ടാകുന്ന ഏതെങ്കിലും രണ്ട് സന്ദർഭങ്ങൾ എഴുതുക.

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×4=8]

6. സ്നേഹത്തിന്റെയും മാനവികതയുടെയും ആൾരൂപമാണ് മെത്രാൻ' എന്നു പറയുന്നതിന്റെ പൊരുളെന്ത്? 'പാവങ്ങൾ' എന്ന പാഠഭാഗത്ത് നിന്ന് മെത്രാന്റെ സ്വഭാവസവിശേഷതകൾ കണ്ടെത്തി എഴുതുക.

7. 'മുക്തിക്കു വിഘ്നം വരുത്തുവാനെത്രയും
ശക്തിയുള്ളൊന്നതിൽ ക്രോധമറികെടോ'
ക്രോധം വരുത്തിവയ്ക്കുന്ന വിനകൾ എന്തെല്ലാം? കുറിപ്പെഴുതുക.

8. "എനിക്കതിനെ വിശ്വാസമില്ല. ഇത് ആര്യപുത്രൻ തന്നെ ധരിച്ചാൽ മതി".
മുദ്രമോതിരത്തെ വിശ്വാസമില്ലെന്ന് ശകുന്തള പറയാൻ കാരണമെന്ത്? വ്യക്തമാക്കുക.

**9, 10 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.** [1×6=6]

9. 'പാവങ്ങൾ' എന്ന പാഠഭാഗം നമുക്കുതരുന്ന ജീവിതസന്ദേശങ്ങൾ എന്തെല്ലാം? സ്വന്തം നിരീക്ഷണങ്ങൾ കുറിക്കുക.

10. ഈ ലോകജീവിതം വെറും നിസ്സാരമാണെന്ന് എഴുത്തച്ഛൻ സ്ഥാപിച്ചിരിക്കുന്നത് എങ്ങനെ? പാഠഭാഗം വിശകലനം ചെയ്ത് സമർത്ഥിക്കുക.

Focus Area Based

Test -13

# SSLC Top Test Series

Std. 10

## Malayalam Paper I

(Chapters 4, 5, 6)

Time : 45 Mnts
Score : 20

**നിർദ്ദേശങ്ങൾ**

- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- ഏഴ് മിനിട്ട് സമാശ്വാസ സമയമായി കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മന സ്സിലാക്കാൻ ശ്രമിക്കണം.

## Type-A

1. "കൊടുത്തതു മാത്രമേ നേടാനൊക്കൂ, അല്ലേ സുധീർ? ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ലല്ലോ". മാഡം തലത്തിന്റെ ഈ വാക്കുകളിലെ ഭാവമെന്ത്?
   - പരിഹാസം
   - പുച്ഛം
   - കുറ്റബോധം
   - ആത്മപ്രശംസ [1]
2. 'പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ............'
   അടിവരയിട്ട പദത്തിന്റെ വിഗ്രഹാർത്ഥം എടുത്തെഴുതുക.
   - പൂരിതമാകുന്ന ആഭ
   - പൂരിതമായ ആഭ
   - പൂരിതം പോലെയുള്ള ആഭ
   - പൂരിതം കൊണ്ടുണ്ടാക്കിയ ആഭ [1]

**3 മുതൽ 5 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×2=4]

3. അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി. ഈ വാക്യം നൽകുന്ന രണ്ട് സൂചനകൾ കുറിക്കുക.
4. മാഡം കാലത്ത് അടുക്കളയിലേക്ക് പോയി.
   നിന്നെ കണ്ടപ്പോൾ ഞാൻ അദ്ദേഹത്തെപ്പറ്റി ഓർത്തുപോയി.
   അടിവരയിട്ട പദങ്ങൾക്ക് രണ്ട് സന്ദർഭങ്ങളിലും ഉണ്ടാകുന്ന അർഥവ്യത്യാസം കണ്ടെത്തി എഴുതുക.
5. പാരവും പരിചയം കലർന്നെഴും
   പേരുമീ മധുരമായ കണ്ഠവും
   വരികളിലെ കാവ്യപരമായ രണ്ട് സവിശേഷതകൾ കണ്ടെത്തി എഴുതുക.

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×4=8]

6. "വെള്ളായിച്ചോ" - അവൾ പറഞ്ഞു. അത്രമാത്രം.
   "നീലിയേ"- വെള്ളായിയപ്പൻ പറഞ്ഞു. അത്രമാത്രം.
   രണ്ട് വാക്കുകൾ മാത്രം. രണ്ട് വാക്കുകൾക്കിടയ്ക്കു സാന്ത്വനത്തിന്റെ നിറവ്.
   ഇത്തരം അർഥപൂർണങ്ങളായ മൗനങ്ങളാണ് 'കടൽത്തീരത്ത്' എന്ന കഥയെ പൂരിപ്പിക്കുന്നത്. ഈ കഥ യിലെ ഏറ്റവും വലിയ മൗനമേത്? കഥാസന്ദർഭം വിശകലനം ചെയ്ത് കുറിപ്പെഴുതുക.
7. 'കാലത്തിനും ദേശത്തിനുമനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണ്". ഈ പ്രസ്താവനയെ മാഡം തല ത്തിന്റെ ജീവിതവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്ത് കുറിപ്പെഴുതുക.

*(P.T.O.)*

8. “പ്രാണനോടുമൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ”
“ധന്യയായ് സപദി കാൺകമൂലമ-
ങ്ങെന്നെയോർക്കിലുമോർത്തിടായ്കിലും”.

സ്നേഹഗായകനായ ആശാനെയാണോ ഈ വരികളിൽ കാണാനാവുന്നത്?

**9, 10 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.** [1×6=6]

9. ‘കടൽത്തീരത്ത്’ എന്ന കഥയിലെ പ്രമേയം കഥാപാത്രസൃഷ്ടിയിലെ സവിശേഷതകൾ, സാമൂഹിക പശ്ചാത്തലം, ആഖ്യാനശൈലി, രചനാതന്ത്രം എന്നിവ പരിഗണിച്ച് കഥാസ്വാദനം തയ്യാറാക്കുക.

10. ‘അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ! വിവേകികൾ’ -(നളിനി)
‘അവനവനാത്മസുഖത്തിനാചരിക്കുന്നവ-
യപരന്ന് സുഖത്തിനായ് വരേണം’ (ശ്രീനാരായണഗുരു)

തന്നിരിക്കുന്ന വരികളുടെ ആശയങ്ങളുമായി ബന്ധിപ്പിച്ച് ‘വിശ്വരൂപം’ എന്ന കഥയിലെ മാഡം തലത്തിനെ കുറിച്ച് കഥാപാത്രനിരൂപണം തയ്യാറാക്കുക.

## Type-B

1. “അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി’.
ഈ വാക്യം നൽകുന്ന സൂചനയെന്ത്?
- ചോദ്യങ്ങൾ വെള്ളായിയപ്പനെ ശ്വാസം മുട്ടിച്ചു
- സംഭാഷണം വെള്ളായിയപ്പനെ അസ്വസ്ഥനാക്കി
- സംഭാഷണം അയാളെ സാന്ത്വനിപ്പിച്ചു
- ചോദ്യങ്ങൾക്ക് മുൻപിൽ അയാൾക്ക് ഉത്തരം മുട്ടിപ്പോയി. [1]

2. ചാരുശൈശവകഥ എന്ന പദത്തിന്റെ വിഗ്രഹാർഥം എടുത്തെഴുതുക.
- ചാരുവായ ശൈശവകഥ
- ചാരുവായ ശൈശവത്തിലെ കഥ
- ചാരുവാകുന്ന ശൈശവകഥ
- ചാരുപോലുള്ള ശൈശവകഥ [1]

**3 മുതൽ 5 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×2=4]

3. സഞ്ചാരി വിഴുവിഴുപ്പുള്ള പാറകളിൽ ചവുട്ടി വഴുതിവീഴുകയായിരുന്നു.
മിസ്സിസ് തലത്ത് ഓർമകളുടെ ഓളക്കുത്തിലേക്കു വഴുതിവീഴുകയായിരുന്നു.
അടിവരയിട്ട പദങ്ങൾക്കുണ്ടാകുന്ന അർഥവ്യത്യാസം കണ്ടെത്തി എഴുതുക.

4. തുവർത്തിനകത്ത് കെട്ടഴിക്കാതെ കിടന്ന പാഥേയം പുളിച്ചു.
നേരം പതുക്കെപ്പതുക്കെ വെളുത്തു. നേരം പതുക്കെപ്പതുക്കെ കനച്ചു.
ഈ വാക്യങ്ങളെ മനോഹരമാക്കുന്ന ഭാഷാപരമായ പ്രത്യേകതകൾ കണ്ടെത്തി എഴുതുക.

5. “പണ്ടു നിന്നെയൊരിളംകുരുന്നതായ്
കണ്ടുഞാൻ, സപദി വല്ലിയയി നീ’
-വരികൾ നൽകുന്ന സൂചനകൾ കണ്ടെത്തി എഴുതുക.

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×4=8]

6. ഡോക്ടർ തലത്തിന് വേണ്ടി രൂപപ്പെടുത്തിയതാണ് എന്റെ ജിവിതം. മറ്റാർക്കുമതിൽ ഇടമില്ലായിരുന്നു. അതുകൊണ്ടാണ് ഞാൻ തനിച്ചു താമസിക്കാനിഷ്ടപ്പെടുന്നത്.
മാഡം തലത്ത് ഇങ്ങനെ പറഞ്ഞതിന്റെ അടിസ്ഥാനമെന്ത്? അവരുടെ എന്ത് മനോഭാവമാണ് ഇതിൽ പ്രകടമാകുന്നത്? വിശദമാക്കുക.

7. തുവർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ കഞ്ഞിനനവ് കൈയിൽ തട്ടി.
വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു.
കടൽത്തീരത്ത്' എന്ന കഥയിൽ പൊതിച്ചോറിന് ഒരു സവിശേഷമായ സ്ഥാനമുണ്ട്. കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പെഴുതുക.

8. "പ്രാണനോടുമൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ
കേണുവാണിവിടെ, യേകുമർഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ"
നളിനിക്ക് ദിവാകരനോടുള്ള തീവ്രമായ സ്നേഹത്തിന്റെ ആഴം ഈ വരികളിലൂടെ വെളിവാകുന്നുണ്ടോ? എപ്രകാരം? വിശദമാക്കുക.

**9, 10 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.** [1×6=6]

9. "കുട്ടികളെ അമ്മ തന്നെ വളർത്തണം. ശാസിക്കുകയും ലാളിക്കുകയും കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളൂ".
പ്രസ്താവനയെ മുൻനിർത്തി 'വിശ്വരൂപം എന്ന കഥയിലെ മാതൃത്വം' എന്ന വിഷയത്തിൽ പ്രസംഗം തയ്യാറാക്കുക.

10. 'കടൽത്തീരത്ത്' എന്ന കഥയിലെ വെള്ളായിയപ്പന്റെ സവിശേഷതകൾ വിലയിരുത്തി കഥാപാത്രനിരൂപണം രചിക്കുക.

## Type-C

1. കൊടുത്തതു മാത്രമേ നേടാനൊക്കൂ, അല്ലേ സുധീർ?
മാഡം തലത്ത് ഇങ്ങനെ പറയാൻ കാരണമെന്ത്?
- ഭർത്താവിനെ സ്നേഹിക്കാത്തതുകൊണ്ട്.
- മക്കളെ കൂടെ നിർത്തി ലാളിക്കാത്തതുകൊണ്ട്.
- നാട്ടുകാർക്ക് ഒന്നും കൊടുക്കാത്തതുകൊണ്ട്.
- സുധീറിന് ഭക്ഷണമോ പണമോ കൊടുക്കാത്തതുകൊണ്ട്. [1]

2. ഈ വിധം വികലമാം സുഖോദയം
അടിവരയിട്ട പദത്തിന്റെ വിഗ്രഹാർഥം എടുത്തെഴുതുക.
- സുഖത്തിന്റെ ഉദയം
- സുഖവും ഉദയവും
- സുഖമാകുന്ന ഉദയം
- സുഖം പോലുള്ള ഉദയം [1]

**3 മുതൽ 5 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×2=4]

3. 'പുഴ കടന്ന് അപ്പുറത്തെ മേട് കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു'- വെള്ളായിയപ്പനെ കരയിപ്പിച്ച കാര്യങ്ങളെന്തെല്ലാം?

4. മാഡം തലത്ത് ഭർത്താവിനോടൊപ്പം പോയി.
മാഡം തലത്ത് ഭർത്താവിനെ ഓർത്തുപോയി.
അടിവരയിട്ട പദങ്ങൾ സൂചിപ്പിക്കുന്ന അർഥവ്യത്യാസം കണ്ടെത്തി എഴുതുക.

5. 'നിന്നിലിപ്രണയചാപല്യത്തെ ഞാ-
നന്നുമിന്നുമൊരുപോലെ വത്സലേ!
വരികളിലെ കാവ്യപരമായ രണ്ട് സവിശേഷതകൾ കണ്ടെത്തി എഴുതുക.

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** [2×4=8]

6. "സന്യാസിച്ചളവുമാസ്ഥയാൽ ഭവാൻ-
തന്നെയോർത്തിഹ തപസ്സിൽ വാണ ഞാൻ
ധന്യയായ് സപദി കാൺകമൂലമ-
ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും."

നളിനിയുടെ സ്നേഹം ദൃഢവും നിസ്വാർത്ഥവുമാണ് എന്ന് തെളിയിക്കുന്നതാണോ ഈ വരികൾ? വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

7. "കുട്ടികളെ അമ്മ തന്നെ വളർത്തണം. ശാസിക്കുകയും ലാളിക്കുകയും കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളൂ". മിസ്സിസ് തലത്തിന്റെ ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ നിലപാട് വിശദമാക്കുക.

8. "അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ! വിവേകികൾ"

വരികളെ വിശകലനം ചെയ്ത് അവ നൽകുന്ന സന്ദേശം കണ്ടെത്തി കുറിപ്പെഴുതുക.

**9, 10 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.** [1×6=6]

9. കഥാപാത്രസൃഷ്ടിയിലെ സവിശേഷതകൾ, രചനാതന്ത്രം, ആഖ്യാനശൈലി, സാമൂഹിക പശ്ചാത്തലം എന്നിവ പരിഗണിച്ച് 'കടൽത്തീരത്ത്' എന്ന കഥയ്ക്ക് ആസ്വാദനം രചിക്കുക.

10. 'വിശ്വരൂപം' എന്ന കഥയിലെ മാഡം തലത്തിന്റെ സ്വഭാവസവിശേഷതകൾ വിലയിരുത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക.